**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ബുള്ളറ്റിൻ -ഭാഗം II**

2022 നവംബർ 17

നം.313

**<u>അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം</u>**

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2022 ഡിസംബർ 9-ാം തീയതി അനൗദ്യോഗികാംഗങ്ങളുടെകാര്യം സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ 1993 മേയ് 10- ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ഒരു സമ്മേളനത്തിൽ ഒരു ദിവസം മാത്രമേ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളുവെങ്കിൽ ആ ദിവസം അനൗദ്യോഗിക ബില്ലുകളിന്മേലുള്ള കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു . അതിൻപ്രകാരം 2022 ഡിസംബർ 9-ാം തീയതി അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി (ബിൽ സഹിതം) | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|
| 2022 ഡിസംബർ 9, വെള്ളി | 2022 നവംബർ 23, ബുധൻ | 2022 ഡിസംബർ 1 , വ്യാഴം |

അനൗദ്യോഗികബില്ലുകളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന തീയതിയിൽ വൈകുന്നേരം 4.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

എം.എം. ബഷീർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

SEVENTH SESSION

BULLETIN - PART II

17th November 2022

No.313

## Time Schedule of Ballot to determine priority of Members giving notice for moving motions for leave to introduce Private Members' Bills

Members are hereby informed that the day allotted for transacting Private Members' Business is on 9th of December 2022 as per the Calendar of Sittings of the Seventh Session of the Fifteenth Kerala Legislative Assembly. The Hon'ble Speaker's Direction No. 15 of 10th May 1993 stipulates that if only one day is set aside for Private Members' Business in a session, that day should be used for matters on Private Members' bills. As such, the business relating to Private Members' Bills will come up on 9th of December 2022 . The relative precedence of Members entitled to move Bills on the allotted day will be determined by ballot. The last date for giving notice for Bills (with copy of Bills) and the date of ballot is as shown in the table below.

| Date of discussion of Private Members' Bills | Last date for giving notice for Bills to be included in the Ballot (With Copy of Bills) | Date of Ballot |
|---|---|---|
| 2022 December 9 Friday | 2022 November 23 Wednesday | 2022 December 1 Thursday |

The ballot to determine the relative precedence of Private Members' Bills will be held in the Office of the Deputy Secretary, Legislation (Room No.408, Assembly Building) at 4.00 pm on the date mentioned in the above table.

A. M. Basheer,
Secretary.